## യൂണിറ്റ് - 11

# ആഗോളവൽക്കരണം

1. 1990 ന് മുമ്പും അതിനുശേഷവും ഇന്ത്യയുടെ കമ്പോളങ്ങളിലുണ്ടായ ഏതെങ്കിലും രണ്ട് പ്രകടമായ വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക.

**സ്കോർ : 1**

2. 1990-ഓടെ ഇന്ത്യയുടെ സാമ്പത്തിക നയങ്ങളിൽ പ്രകടമായ മാറ്റം ഉണ്ടായി. ഈ നയമാറ്റം ഇന്ത്യൻ കമ്പോളങ്ങളിൽ ഉണ്ടാക്കിയ പ്രതിഫലനങ്ങൾക്ക് രണ്ടു ഉദാഹരണമെഴുതുക.

**സ്കോർ : 2**

3. 'ആഭ്യന്തര ഉല്പാദനമേഖലയുടെ സംരക്ഷണ കവചമാണ് ഇറക്കുമതിചുങ്കം' എന്ന് പറയുന്നതെന്തു കൊണ്ട്?

**സ്കോർ : 3**

4. രാജ്യാന്തര വ്യാപാരം ശക്തമാക്കുന്നതിന്റെ ഭാഗമായി ഇന്ത്യ ഒപ്പിട്ട സ്വതന്ത്ര വ്യാപാര കരാറുകൾക്ക് ഒരു ഉദാഹരണം എഴുതുക.

**സ്കോർ : 1**

5. സ്വതന്ത്രവ്യാപാരകരാറുകളുടെ ലക്ഷ്യം എന്ത്? ഒരു ഉദാഹരണം എഴുതി വ്യക്തമാക്കുക.

**സ്കോർ : 2**

6. 1970 - കളിൽ ലോകരാജ്യങ്ങൾ നേരിട്ട സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ മുതലാളിത്ത രാജ്യങ്ങൾ സ്വീകരിച്ച തന്ത്രങ്ങൾ ഓരോന്നും വിശദമാക്കുക.

**സ്കോർ : 3**

7. 1930- കളിലെ ലോക സാമ്പത്തിക തകർച്ച നേരിടുന്നതിന് മുതലാളിത്തരാജ്യങ്ങൾ സ്വീകരിച്ച തന്ത്രമെന്ത്?

**സ്കോർ : 1**

8. 1930-കളിലെയും 1970-കളിലെയും സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ മുതലാളിത്ത രാജ്യങ്ങൾ സ്വീകരിച്ച തന്ത്രങ്ങൾ ഒന്നു തന്നെയാണോ? ഇവ തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.

**സ്കോർ : 2**

9. സ്വതന്ത്ര ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ ഏവ? (ഏതെങ്കിലും രണ്ടെണ്ണം എഴുതുക).

**സ്കോർ : 2**

10. 1991-നുശേഷം ഇന്ത്യയിൽ സ്വകാര്യവൽക്കരണത്തിന്റെ ശക്തി വർദ്ധിച്ചതായി കാണാം. നമ്മുടെ സമ്പദ്ഘടനയ്ക്ക് ഇത് ഗുണകരമാണോ? നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

**സ്കോർ : 4**

11. ആഗോളവൽക്കരണത്തെ ത്വരിതപ്പെടുത്തുന്നതിൽ വിദേശ മൂലധനത്തിന് വലിയ പ്രാധാന്യമുണ്ട്? സമർത്ഥിക്കുക.

**സ്കോർ : 3**

---

12. സമ്പദ്വ്യവസ്ഥയിൽ പൊതുമേഖലയുടെ പ്രാധാന്യം ഇന്ത്യയുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

**സ്കോർ : 3**

---

13. എന്താണ് വിദേശനിക്ഷേപം? വിദേശനിക്ഷേപത്തിന്റെ ഭാഗമായ പ്രത്യക്ഷനിക്ഷേപം, പോർട്ട്ഫോളിയോ നിക്ഷേപം എന്നിവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**സ്കോർ : 3**

---

14. ബഹുരാഷ്ട്ര കമ്പനികളുടെ പ്രവർത്തനം കൊളോണിയൽ കാലഘട്ടത്തിന്റെ പതിപ്പായി കണക്കാക്കാം. പ്രസ്താവന വിലയിരുത്തുക

**സ്കോർ : 2**

---

15. ആഗോളവ്യാപാരത്തിന്റെ വളർച്ചക്കാവശ്യമായ പണം കണ്ടെത്തൽ ഐ.എം.എഫിന്റെ ഒരു പ്രധാന ധർമ്മമാണ് - മറ്റ് രണ്ട് ധർമ്മങ്ങൾകൂടി എഴുതുക.

**സ്കോർ : 2**

---

16. ലോകബാങ്കിന്റെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക?

**സ്കോർ : 2**

---

17. സ്വതന്ത്ര വ്യാപാരക്കരാറുകളുടെ പ്രധാന നിർദ്ദേശങ്ങൾ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

**സ്കോർ : 3**

---

18. സ്വതന്ത്ര വ്യാപാര കരാറുകൾ അതിലേർപ്പെടുന്ന രാജ്യങ്ങൾക്ക് നേട്ടങ്ങളും കോട്ടങ്ങളും ഉണ്ടാക്കുന്നു. ഉദാഹരണങ്ങളിലൂടെ സമർത്ഥിക്കുക.

**സ്കോർ : 2**

---